## പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ: *75 — 06.06.2018-ൽ മറുപടിക്ക്

### ഭൂമിയില്ലാത്ത പട്ടികവർഗ്ഗക്കാർക്ക് ഒരേക്കർ ഭൂമി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.വി.എസ്.ശിവകുമാർ<br>,, വി.പി.സജീന്ദ്രൻ<br>,, ഷാഫി പറമ്പിൽ<br>,, പി.ടി. തോമസ് : | | ശ്രീ. എ.കെ. ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി) | |
| എ) | ഭൂമിയില്ലാത്ത പട്ടികവർഗ്ഗക്കാർക്ക് ഒരേക്കർ ഭൂമിയെങ്കിലും നൽകുമെന്ന പ്രഖ്യാപനം പൂർണ്ണതോതിൽ പ്രാവർത്തികമാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിന്റെ കാരണം വ്യക്തമാക്കുമോ; | എ) | ഭൂമിയില്ലാത്ത പട്ടികവർഗ്ഗക്കാർക്ക് ഒരേക്കർ ഭൂമിയെങ്കിലും നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരികയാണ്. വാസയോഗ്യവും, കൃഷിയോഗ്യവുമായ റവന്യൂ ഭൂമിയുടെ അഭാവമാണ് ഒരേക്കർ ഭൂമി വിതരണം ചെയ്യുന്നതിലെ പ്രധാന തടസ്സം. നിക്ഷിപ്ത വനഭൂമി വിതരണത്തിന് കേന്ദ്രാനുമതി ലഭിച്ചുവെങ്കിലും അതിലും വാസയോഗ്യവും, കൃഷിയോഗ്യവുമല്ലാത്ത ഭൂമി ഉള്ളതിനാൽ പൂർണ്ണമായും വിതരണം ചെയ്യുവാൻ കഴിഞ്ഞിട്ടില്ല. ഭൂമി വാങ്ങി നൽകിയും വാസയോഗ്യമായ നിക്ഷിപ്ത വനഭൂമി വിതരണം ചെയ്തുകൊണ്ടും ഭൂരഹിത പട്ടികവർഗ്ഗക്കാർക്ക് ഒരേക്കർ ഭൂമി ലഭ്യമാക്കുവാൻ നടപടി സ്വീകരിച്ചു വരികയാണ്. |
| ബി) | വനാവകാശ നിയമപ്രകാരം പട്ടികവർഗ്ഗക്കാർക്ക് വനഭൂമി വിതരണം ചെയ്യുന്നതിന് കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയവും സുപ്രീംകോടതിയും അനുമതി നൽകിയ സാഹചര്യത്തിൽ അനുമതി ലഭിച്ച ഭൂമി വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ എത്ര ഏക്കർ ഭൂമിയാണ് ഇപ്രകാരം വിതരണം ചെയ്യുന്നത്; | ബി) | വനാവകാശ നിയമം 2006 പ്രകാരം അർഹരായ എല്ലാപേർക്കും ഭൂമിയുടെ കൈവശരേഖ വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അപേക്ഷ സമർപ്പിച്ച 42659 പേരിൽ 25978 അപേക്ഷകൾ പാസാക്കി. 25327 പേർക്ക് 34029.88 ഏക്കർ ഭൂമിയുടെ കൈവശരേഖ വിതരണം ചെയ്തിട്ടുണ്ട്. ഡി.എൽ.സി പാസ്സാക്കിയതിൽ 651 പേർക്ക് കൈവശരേഖ വിതരണം ചെയ്യാൻ അവശേഷിക്കുന്നുണ്ട്. കേന്ദ്ര വനം - പരിസ്ഥിതി മന്ത്രാലയവും, ബഹു. സുപ്രീം കോടതിയും ഭൂരഹിത പട്ടികവർഗ്ഗക്കാർക്ക് വിതരണം ചെയ്യുവാൻ അനുമതി നൽകിയ 19002.22 ഏക്കർ ഭൂമിയിൽ 3537.73 ഏക്കർ ഭൂമി വിതരണം ചെയ്തിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം 558 ഏക്കർ ഭൂമി 667 പേർക്ക് വിതരണം ചെയ്തിട്ടുണ്ട്.<br><br>വനാവകാശ നിയമപ്രകാരം ലഭ്യമായ 42,659 അപേക്ഷകളിൽ 10,089 അപേക്ഷകൾ നിരസിച്ചിട്ടുണ്ട്. 5992 അപേക്ഷകൾ എഫ്.ആർ.സി, ഗ്രാമസഭ, എസ്.ഡി.എൽ.സി, ഡി.എൽ.സി എന്നിവയുടെ പരിഗണനയിലാണ്. |

| | | | |
|---|---|---|---|
| | | | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം 5593 അപേക്ഷകൾ പുതുതായി ലഭിച്ചിട്ടുണ്ട്. മുൻ സർക്കാരിന്റെ കാലത്ത് 943 അപേക്ഷകൾ മാത്രമാണ് പുതിയതായി ലഭിച്ചിരുന്നത്.<br><br>വനാവകാശ നിയമം പൂർണ്ണതോതിൽ നടപ്പിലാക്കുന്നതിന് സർക്കാർ നടപടി സ്വീകരിച്ചതിന്റെ ഭാഗമായിട്ടാണ് 5593 അപേക്ഷകൾ പുതിയതായി ലഭിച്ചത്. സംയുക്ത പരിശോധനയും സർവ്വെ പ്രവർത്തനങ്ങളും നടത്തി ലഭിച്ച അപേക്ഷകൾ തീർപ്പാക്കുന്നതിനുള്ള നടപടിയാണ് ഇപ്പോൾ സ്വീകരിച്ചിട്ടുള്ളത്. ഇനിയും അപേക്ഷ സമർപ്പിക്കാത്തവരുണ്ടെങ്കിൽ അവരെ കണ്ടെത്തി അപേക്ഷ സമർപ്പിക്കുന്നതിനുള്ള പ്രവർത്തനം ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ/പ്രൊമോട്ടർമാർ മുഖേന നടത്തിവരികയാണ്.<br><br>കണ്ണൂർ, മലപ്പുറം, വയനാട് ജില്ലകളിൽ ഭൂമി വിതരണത്തിനായി വനം വകുപ്പ് ഭൂമി കൈമാറി ലഭിക്കുവാനുണ്ട്. പാലക്കാട് ജില്ലയിൽ സർവ്വെ പ്രവർത്തനങ്ങൾ നല്ല രീതിയിൽ നടന്നുവരുന്നു. |
| (സി) | വനഭൂമി ലഭ്യമല്ലാത്ത സ്ഥലങ്ങളിൽ പട്ടികവർഗ്ഗവിഭാഗത്തിൽപെട്ടവർക്ക് ഭൂമി വാങ്ങി നൽകുന്നതിനുള്ള നടപടികൾ പൂർത്തിയായിട്ടുണ്ടോ; എങ്കിൽ ഇതു പ്രകാരം എത്ര കുടുംബങ്ങൾക്ക് ഒരേക്കർ ഭൂമി വീതം വാങ്ങി നൽകി; | സി) | വനഭൂമി ലഭ്യമല്ലാത്ത സ്ഥലങ്ങളിൽ ഭൂമി വാങ്ങി നൽകുന്ന പദ്ധതി പ്രകാരം 2013-14 മുതൽ 2017-18 വരെ 865 പേർക്ക് 308.37 ഏക്കർ ഭൂമി വാങ്ങി നൽകിയിട്ടുണ്ട്. ഇവരിൽ 29 പേർക്ക് 1 ഏക്കർ ഭൂമി വീതം വാങ്ങി നൽകിയിട്ടുണ്ട്.<br>ഭൂമി വാങ്ങി നൽകുന്നതിലെ മാർഗ്ഗനിർദ്ദേശങ്ങളിൽ 03.03.2018-ലെ സ.ഉ(എം.എസ്)21/2018/ പജപവവിവ സർക്കാർ ഉത്തരവ് പ്രകാരം മാറ്റം വരുത്തിയതിന്റെ അടിസ്ഥാനത്തിൽ നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ച് ഭൂമി കണ്ടെത്തി വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| ഡി) | വനാവകാശ നിയമപ്രകാരം ഭൂമി നൽകുന്ന പദ്ധതി അനുസരിച്ച് മുൻ സർക്കാരിന്റെ കാലത്ത് എത്ര പേർക്ക് പ്രയോജനം ലഭിച്ചിട്ടുണ്ട്; ഈ സർക്കാർ കഴിഞ്ഞ രണ്ട് വർഷം കൊണ്ട് എത്ര പേർക്ക് ഭൂമി നൽകിയിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ? | ഡി) | വനാവകാശ നിയമപ്രകാരം ഭൂമി നൽകുന്ന പദ്ധതി അനുസരിച്ച് മുൻ സർക്കാരിന്റെ കാലത്ത് 8222 പേർക്ക് 12571 ഏക്കർ ഭൂമിയുടെ കൈവശ രേഖ നൽകിയിട്ടുണ്ട്. ഇതിനുള്ള അപേക്ഷയും സർവ്വെ നടപടികളും മുൻ എൽ.ഡി.എഫ് സർക്കാർ കാലത്ത് തന്നെ ആരംഭിച്ചിരുന്നു.<br>ഈ സർക്കാർ കഴിഞ്ഞ രണ്ട് വർഷം കൊണ്ട് 382 പേർക്ക് 957 ഏക്കർ ഭൂമിയുടെ കൈവശ രേഖ നൽകിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**